**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2479** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ചവരുടെ മസ്റ്ററിംഗ്</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ഡോ. എം. കെ. മുനീർ | ശ്രീ. വി. ഡി. സതീശൻ |
| ഡോ. എം. കെ. മുനീർ | (മുഖ്യമന്ത്രി) |

**(എ)** മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ച മറ്റ് സർക്കാർ ജോലികൾ ഇല്ലാത്ത പെൻഷൻകാർക്ക് കേരളത്തിലെ ഏത് ട്രഷറിയിലും മസ്റ്ററിംഗ് ചെയ്യുവാൻ സാധിക്കുമോ;

**<u>മറുപടി:</u>** മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം ലഭിച്ച മറ്റ് സർക്കാർ ജോലികൾ ഇല്ലാത്ത ബാങ്ക് അക്കൗണ്ട് മുഖേന (CORE TREASURY) പെൻഷൻ കൈപ്പറ്റുന്ന പെൻഷൻകാർക്ക് കേരളത്തിലെ ഏത് ട്രഷറിയിലും മസ്റ്ററിങ് ചെയ്യുവാൻ സാധിക്കും. ട്രഷറി മുഖേന പെൻഷൻ കൈപ്പറ്റുന്ന പെൻഷൻകാർ ബന്ധപ്പെട്ട ട്രഷറിയിൽ മസ്റ്ററിങ് ചെയ്യേണ്ടതാണ്.

**(ബി)** എങ്കിൽ മസ്റ്ററിംഗ് ചെയ്യുന്ന ട്രഷറിയിൽ തന്നെ നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് സ്വീകരിക്കുമോ;

**<u>മറുപടി:</u>** മസ്റ്ററിങ് ചെയ്യുന്ന ട്രഷറിയിൽ തന്നെ നോൺ എംപ്ളോയ്മെന്റ് സർട്ടിഫിക്കറ്റും സ്വീകരികരിക്കുന്നതാണ്.

**(സി)** നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് എത്ര വയസ്സ് വരെയുള്ളവർക്കാണ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം നേടിയവർക്ക് തുടർ പെൻഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന 31/08/1996-ലെ G.O.(Ms.) No.222/96/GAD. നമ്പർ ഉത്തരവിൽ നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നൽകേണ്ടവരുടെ പ്രായപരിധി പരാമർശിക്കുന്നില്ല.

**(ഡി)** മസ്റ്ററിംഗും നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റും എപ്പോഴൊക്കെയാണ് നൽകേണ്ടതെന്ന കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം നേടിയവർക്ക് തുടർ പെൻഷൻ ലഭിക്കുന്നതിന് മറ്റുള്ള പെൻഷൻകാരെ പോലെ തന്നെ വാർഷിക മസ്റ്ററിങ് (KTC Vol II, rule 287 (a) & 288 (a)) നിർബന്ധമാണ്. ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന 31/08/1996- G.O. (Ms.) No.222/96/GAD. നമ്പർ ഉത്തരവിൽ "Pensioners under the scheme shall produce a non-appointment/re-appointment certificate countersigned by a Gazetted Officer before the Disbursing

Officer once in six months" എന്ന് രേഖപ്പടുത്തിയിട്ടുണ്ട്. കൂടാതെ മാന്വൽ പെൻഷൻ പേയ്മെൻറ് ഓർഡർ (P.P.O.) ലഭ്യമാക്കിയിരുന്നപ്പോൾ എല്ലാ ആറുമാസം കൂടുമ്പോഴും Non appointment certificate/Un Employment certificate ട്രഷറിയിൽ സമർപ്പിക്കണമെന്ന നിർദ്ദേശം അക്കൗണ്ടന്റ് ജനറൽ P.P.O.-യിൽ രേഖപ്പെടുത്താറുണ്ട്.

**(ഇ)** നോൺ എംപ്ലോയ്മെന്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് പകരം, സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ നേരിട്ട് നിയമനം നേടിയവർക്ക് തുടർ പെൻഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന 31/08/1996 - ലെ G.O. (Ms.) No.222/96/GAD നമ്പർ ഉത്തരവിൽ "Pensioners under the scheme shall produce a non-appointment/re-appointment certificate countersigned by a Gazetted Officer before the Disbursing Officer once in six months" എന്നാണ് രേഖപ്പടുത്തിയിട്ടുള്ളത്. റൂളുകളുടേയും സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയാണ് പെൻഷൻ വിതരണ അധികാരിയായ ട്രഷറി ഓഫീസർ ചെയ്യുന്നത്.

**(എഫ്)** ഒരു ട്രഷറിയിൽ നിന്ന് മറ്റൊരു ട്രഷറിയിലേക്ക് പെൻഷൻ മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

**<u>മറുപടി:</u>** KTC Vol II, Rule 290 ( എ (ii)) & KSR Part 3 rule 131 ചട്ടങ്ങളാണ് ഇതിന് അടിസ്ഥാനമായിട്ടുള്ളത്. പെൻഷനർ, പെൻഷൻ മാറ്റേണ്ട ട്രഷറിയുടെ പേര് ഉൾക്കൊള്ളിച്ച് കൊണ്ട് അപേക്ഷയും, പെൻഷൻ ബുക്കിന്റെ പെൻഷനറുടെ പകർപ്പും, പെൻഷൻ കൈപ്പറ്റി വരുന്ന ട്രഷറിയിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ പരിശോധിച്ച്, PPO-ട്രാൻസ്ഫർ ആവശ്യപ്പെട്ടിരിക്കുന്നത് പെൻഷൻ വിതരണമുള്ള ട്രഷറിയാണെന്ന് ഉറപ്പ് വരുത്തി, അവസാനം നൽകിയ പെൻഷന്റെ വിവരങ്ങൾ പെൻഷൻ ബുക്കിൽ രേഖപ്പെടുത്തി, ബന്ധപ്പെട്ട ജില്ലാ ട്രഷറി മുഖേന, പെൻഷൻ ബുക്കിൻ്റെ രണ്ട് പകുതിയും ട്രഷറി ഓഫീസർ ട്രാൻസ്ഫർ ചെയ്തു നൽകുന്നതാണ്.

**സെക്ഷൻ ഓഫീസർ**